LIBRARY ARCHIVES Kerala Legislative Assembly

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നത് ലക്ഷ്യമിട്ട് കരകൗശല മേഖലയിലെ കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്ത്രീ തൊഴിലാളികൾക്ക് പരിശീലനം നൽകൽ, പിന്നോക്ക വിഭാഗങ്ങളിലേയും കരകൗശല മേഖലയിലേയും യുവാക്കൾക്ക് പരിശീലനം നൽകി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സിറ്റികളിൽ കാഡ്കോയുടെ ഷോറൂമുകൾ ആരംഭിക്കൽ, ഡെക്കറേറ്റീവ് അപ്പാരൽ ഹബ്ബ് സ്ഥാപിക്കൽ എന്നീ പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആന്റ് പ്രൊമോഷൻ ഓഫ് ഹാന്റിക്രാഫ്റ്റ്സ് (ഐ.ഡി.പി.എച്ച്) എന്ന പദ്ധതി പ്രകാരം കരകൗശല പ്രദർശന വില്പന മേളകൾ, തൊഴിൽ പരിശീലനം, നവീന കരകൗശല വസ്തുക്കളുടെ നിർമ്മാണം, ക്ലസ്റ്ററുകൾ, പൊതു സേവന കേന്ദ്രങ്ങൾ, ടൂൾകിറ്റുകൾ, അവബോധ ക്ലാസ്സുകൾ, ദേശീയ പിന്നോക്ക ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ കുറഞ്ഞ പലിശ നിരക്കിൽ സ്വയം തൊഴിൽ വായ്പ, വസ്ത്രഗ്രാമം പദ്ധതി, പ്രീമിയം റീട്ടെയിൽ സുവനീർ ചെയിൻ പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു.

## ടൂറിസം മാർക്കറ്റിംഗ്

6 (*635) ശ്രീ. എം. സ്വരാജ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ജോയി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മാർക്കറ്റിംഗ് വിപുലപ്പെടുത്തി കൂടുതൽ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ലോക ടൂറിസം വിപണിയിൽ വേണ്ടവിധം കടന്നുചെല്ലാനും ലോക ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം നിലനിർത്തുന്നതിനും കാര്യക്ഷമതയുള്ള പ്രചരണ പരിപാടികളും വിപണന തന്ത്രങ്ങളും ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ)

- കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചു.
- ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രചരണം സംസ്ഥാന വ്യാപകമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കിവരുന്നു.
- വിനോദസഞ്ചാരികളെയും കലാസ്വാദകരേയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ സംഘടിപ്പിച്ചു.
- യൂറോപ്പിലെ പ്രധാന ചാനലുകളായ യൂറോന്യൂസ്, സ്കൈന്യൂസ് എന്നിവയിലും മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലേയും പ്രധാന ടി.വി. ചാനലായ സി.എൻ.എൻ.-ലും കേരള ടൂറിസത്തിന്റെ പരസ്യം പ്രൈം ടൈമിൽ സംപ്രേഷണം ചെയ്തിട്ടുണ്ട്.
- സ്വീഡൻ, യൂണൈറ്റഡ് കിങ്ഡം, സ്പെയിൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ മാസികകളിൽ കേരള ടൂറിസത്തിന്റെ പരസ്യം പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- ആസ്ട്രേലിയയിലെ അച്ചടി മാധ്യമങ്ങളിലും സിഡ്നി, മെൽബൺ എന്നീ നഗരങ്ങളിലെ പ്രധാന ടി.വി. ചാനലായ സി.എൻ.എൻ.-ലും ഔട്ട് ഓഫ് ഹോം (OOH) പ്രചരണം വഴി ട്രാമുകളിലും കേരള ടൂറിസത്തിന്റെ പരസ്യം നൽകിയിട്ടുണ്ട്.

(ബി) ലോക ടൂറിസം വിപണിയിൽ കേരള ടൂറിസത്തിന്റെ പ്രാതിനിധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രചരണ പരിപാടികളും വിപണന തന്ത്രങ്ങളും ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly